ആത്മഹത്യ തടയുന്നതിന് സ്വീകരിച്ച നടപടി

126 [902] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ തടയുക എന്ന ലക്ഷ്യത്തോടുകൂടി പ്രഖ്യാപിച്ച കേരള ഇൻഡഗ്രേറ്റഡ് സ്കീം ഫോർ ഇന്റർവെൻഷൻ ഇൻ സൂയിസൈഡ് (ക്രൈസിസിസ്) പദ്ധതി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം, ആത്മഹത്യ തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മനോരോഗ ചികിത്സാ വിഭാഗത്തെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയത്. കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ സഹായത്തോടെ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ക്രൈസിസിന്റെ ഒരു പൈലറ്റ് പ്രോജക്ട് 2003-2004 വർഷത്തിൽ നടപ്പിലാക്കി. ആത്മഹത്യാ പ്രവണത ഉള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് അടിയന്തിരമായ സഹായങ്ങൾ നൽകുന്നതിനും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് വേണ്ട ആത്മഹത്യാ പ്രതിരോധ ബോധവൽക്കരണ പരിശീലന പരിപാടികൾ നടത്തുന്നതിനുമാണ് മുഖ്യമായും ശ്രദ്ധിച്ചത്.

വിഷാദ രോഗമാണ് ആത്മഹത്യയുടെ ഒരു പ്രധാന കാരണം. ഇത്തരം രോഗികൾ കൂടുതലും സൈക്യാട്രിസ്റ്റുകൾ അല്ലാത്ത ഡോക്ടർമാരെ സമീപിക്കുകയും യഥാസമയം രോഗ നിർണ്ണയവും അവശ്യ ചികിത്സയും കിട്ടാതെ ആത്മഹത്യ ചെയ്യുന്നതായും കണ്ടുവരുന്നു. ഈ വിഷയത്ത് തടയുന്നതിനായി സൈക്യാട്രിസ്റ്റുകൾ അല്ലാത്ത ഡോക്ടർമാർക്ക് ആത്മഹത്യ പ്രതിരോധ പരിശീലനം നൽകാനാണ് ആദ്യം ശ്രമിച്ചത്. ഇതിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ, സഹകാര്യ മേഖലകളിലെ ഡോക്ടർമാർക്ക് പരിശീലനം നൽകി.

ആത്മഹത്യാ പ്രവണതയുള്ളവരെ കണ്ടെത്താൻ നേഴ്സുമാർക്ക് വേണ്ടിയും പരിശീലന പരിപാടി നൽകുകയുണ്ടായി. ആത്മഹത്യ പ്രതിരോധ മേഖലയിൽ പ്രവർത്തിക്കുന്ന കൗൺസിലർമാരുടെ സേവനം കൂടുതൽ ശാസ്ത്രീയമാക്കാൻ വേണ്ടി സംസ്ഥാന അടിസ്ഥാനത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ആത്മഹത്യാ പ്രവണതയെ ചെറുക്കാൻ മെഡിക്കൽ ബിരുദാനന്തര-ബിരുദ വിദ്യാർത്ഥികൾക്കും ഹൗസ് സർജന്മാർക്കും പ്രത്യേക ആത്മഹത്യ പ്രതിരോധ പരിശീലനം നൽകി, കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. വയനാട്ടിൽ കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. കോഴിക്കോട് മാനസികാരോഗ്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും തരിയോട് പുൽപ്പള്ളി പഞ്ചായത്തുകളുടെയും പ്രാദേശിക സംഘടനകളുടെയും സഹകരണത്തോടെ വയനാട്ടിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യയുടെ പാശ്ചാത്തലത്തിൽ ക്രൈസിസിന്റെ ഭാഗമായി രണ്ടു പൊതുജന ബോധവൽക്കരണ പരിപാടിയും മെഡിക്കൽ ക്യാമ്പുകളും നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ പാങ്ങോട് പഞ്ചായത്തിൽ ആത്മഹത്യ വർദ്ധിച്ചുവരുന്നതായി കണ്ടതിനെത്തുടർന്ന് പ്രസ്തുത ഗ്രാമത്തിൽ പഞ്ചായത്ത് അധികൃതരുടേയും, സന്നദ്ധ സംഘടനകളുടേയും, പോലീസുകാരുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെ ഒരു സാമൂഹ്യാടിസ്ഥിത ആത്മഹത്യാ പ്രതിരോധ പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗത്തിലെ ഒരു സംഘം വിദഗ്ദ്ധ ഡോക്ടർമാർ പ്രസ്തുത ഗ്രാമത്തിലെത്തി ബോധവൽക്കരണ പരിപാടിയും ഭവനസന്ദർശനവും ഉൾപ്പെടെയുള്ള പരിപാടികളും നടത്തിവരുന്നു. ആത്മഹത്യ കൂടുതലുള്ള മറ്റ് ഏതാനും പഞ്ചായത്തുകളിലും ഇത്തരം പരിപാടികൾ നടത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. ആത്മഹത്യ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ വർദ്ധിച്ചുവരുന്നതിനാൽ കൗമാര പ്രായക്കാരായ വിദ്യാർത്ഥികളുടെ പെരുമാറ്റ വൈകല്യങ്ങൾ കണ്ടെത്താനും അവർക്ക് കൗൺസിലിംഗ് നൽകി അവരിലെ ആത്മഹത്യാ പ്രവണത ഇല്ലാതാക്കുന്നതിനുവേണ്ടി ഹൈസ്കൂൾ തലത്തിലുള്ള അദ്ധ്യാപകർക്കും, ഹെഡ്മാസ്റ്റർമാർക്കും പ്രത്യേക പരിശീലന പരിപാടി നൽകിയിട്ടുണ്ട്.

മെഡിക്കൽ വിദ്യാർത്ഥികളുടെ ഇടയിൽ കണ്ടുവരുന്ന വർദ്ധിച്ച ആത്മഹത്യാ പ്രവണത കണക്കിലെടുത്ത് സംസ്ഥാനത്തുള്ള എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്കും വേണ്ടി ഒരു ആത്മഹത്യാ പ്രതിരോധ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലേയും പ്രിൻസിപ്പാൾമാർ, രക്ഷാകർതൃ സംഘടനാ പ്രതിനിധികൾ, മനോരോഗ ചികിത്സാവിഭാഗം മേധാവികൾ, കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സെക്രട്ടറി, മെഡിക്കൽ കോളേജ് അദ്ധ്യാപക സംഘടനാ പ്രതിനിധികൾ തുടങ്ങിയവർക്കുവേണ്ടി സംസ്ഥാന അടിസ്ഥാനത്തിൽ നടത്തിയ ശില്പശാലയിലാണ് ഈ പദ്ധതി രൂപം കൊണ്ടത്.

പ്രീ ക്ലിനിക്കൽ/ക്ലിനിക്കൽ മെഡിക്കൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം ആത്മഹത്യാ പ്രതിരോധ പരിപാടികളും നടത്തി. എല്ലാ ജില്ലകളിലും ഇത്തരം ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയും എല്ലാ ജില്ലാ ആശുപത്രികളിലേയും സൈക്യാട്രിസ്റ്റുകൾക്കും, സൈക്യാട്രി സോഷ്യൽ വർക്കർമാർക്കും ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾക്കും വേണ്ടി ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി.

സമൂഹത്തിലെ ആത്മഹത്യാ പ്രതിരോധത്തിൽ പ്രധാനപ്പെട്ട ഒരു പങ്കാണ് മാധ്യമ പ്രവർത്തകർക്കുള്ളത്. ആത്മഹത്യ വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനായി സംസ്ഥാനത്തിന് പുറത്തുള്ള വിദഗ്ദ്ധൻമാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് മാധ്യമ പ്രവർത്തകർക്കായി ഒരു ശില്പശാല സംഘടിപ്പിച്ചിരുന്നു. കൂടുതൽ കൂടുതൽ പൊതുജന ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും മെഡിക്കൽ ക്യാമ്പുകളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

2/2309/12/DTP.

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യാ പ്രതിരോധ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം പ്രവർത്തകർക്കും, പൊതുജനങ്ങൾക്കും ഉപകാരപ്രദമായ ലഘുലേഖനങ്ങളും, പ്രസിദ്ധീകരണങ്ങളും, സി. ഡി. കോപ്പികളും പ്രൈസിസിന്റെ ഭാഗമായി വിതരണം ചെയ്തിട്ടുണ്ട്.

റഫറൽ ആശുപത്രികളിലെ ചികിൽസാ രീതി

127 [903] ശ്രീ. ബി. വിജയകുമാർ :

,, വർക്കല കഹാർ :

,, ടി. വി. ചന്ദ്രമോഹൻ :

,, എം. എ. ചന്ദ്രശേഖരൻ :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റഫറൽ ഹോസ്പിറ്റലുകളാണുള്ളത് ; ഏതെല്ലാം ;

(ബി) ഈ ഹോസ്പിറ്റലുകളിൽ റഫറൻസ് ഇല്ലാതെ രോഗികളെ പരിശോധന നടത്താറുണ്ടോ ; തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികൾ സ്ഥിതിചെയ്യുന്ന കോർപ്പറേഷൻ വാർഡിലുള്ള രോഗികളെ റഫറൽ ലെറ്റർ ഇല്ലാതെതന്നെ പ്രസ്തുത ആശുപത്രികളിൽ ഇപ്പോൾ ചികിത്സിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആശുപത്രികൾ സ്ഥിതിചെയ്യുന്ന ബന്ധപ്പെട്ട കോർപ്പറേഷൻ വാർഡിലുള്ളവരെ റഫറൽ ലെറ്റർ ഇല്ലാതെതന്നെ ചികിത്സിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് റഫറൽ ഹോസ്പിറ്റലുകളാണ് ഉള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയും, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയും.

(ബി) ഈ ആശുപത്രികളിൽ അടിയന്തിര ചികിത്സ തേടിവരുന്ന രോഗികളെ റഫറൽ ലെറ്റർ ഇല്ലാതെതന്നെ ഏതുസമയത്തും അത്യാഹിത വിഭാഗത്തിൽ ചികിത്സിക്കുന്നുണ്ട്. ഈ ആശുപത്രികൾ സ്ഥിതിചെയ്യുന്ന കോർപ്പറേഷൻ വാർഡിലുള്ള രോഗികളെ റഫറൽ ലെറ്റർ ഇല്ലാതെതന്നെ ഇപ്പോൾ ചികിത്സിച്ചുവരുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly